പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2830** | **13/07/2015-ൽ മറുപടിക്ക്**

## ശ്രീമതി ജി. ശൈലജാദേവിയുടെ ജോലി സ്ഥിരപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**
ശ്രീ.വി.പി.സജീന്ദ്രൻ

**മറുപടി**
ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ആർ.സി.സി.യിൽ കഴിഞ്ഞ 12 വർഷമായി ജോലി ചെയ്യുന്ന ഇ.സി.ജി.ടെക്നീഷ്യൻ ശ്രീമതി ജി. ശൈലജാദേവിയുടെ ജോലി സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഫയലിൽ (No.50226/11/2014) തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ദിവസവേതനാടിസ്ഥാനത്തിൽ 12 വർഷത്തോളമായി ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീമതി.ജി.ശൈലജാദേവിയുടെ സ്ഥിരപ്പെടുത്തണമെന്നാവശ്യം സർക്കാർ പരിശോധിച്ചിരുന്നു. മേൽ തസ്തിക 9300-34800/- GP 4200/- പ്രകാരം സൃഷ്ടിച്ചതാണെന്നും പ്രസ്തുത തസ്തികയിൽ നിയമനത്തിന് അപേക്ഷകയ്ക്ക് നിശ്ചിത യോഗ്യതയില്ലാത്തതിനാൽ 5200-20200 + GP 1900/- എന്ന തസ്തികയിൽ സ്ഥിരപ്പെടുത്താമെന്ന് ആർ.സി.സി. ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. എന്നാൽ ദിവസവേതനക്കാരുടെ യോഗ്യതയനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നത് നിയമവിധേയമല്ലാത്തതിനാലും അപേക്ഷകയ്ക്ക് നിശ്ചിത യോഗ്യതയില്ലാത്തതിനാലും പി തസ്തികയിലേയ്ക്ക് അർഹതപ്പെട്ട ആളിനെ യോഗ്യതയുടെ അടിസ്ഥാനത്തിൽ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മേൽ നിർദ്ദേശം ധനകാര്യ വകുപ്പ് അംഗീകരിക്കുകയും പ്രസ്തുത ഫയൽ ജെ1/224/15 എന്ന ഇ.ഫയൽ ആയി തീർപ്പാക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (ബി) | ആർ.സി.സി.യിൽ 10 വർഷക്കാലത്തിലേറെ ജോലി നോക്കിയിരുന്ന വിവിധ തസ്തികകയിലുള്ള ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തിയിട്ടും 12 വർഷമായി ജോലി നോക്കുന്ന ശ്രീമതി ജി.ഷൈലജാദേവിയെ സ്ഥിരപ്പെടുത്താതിരിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ;ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (ബി) | |
| (സി) | ഇല്ലെങ്കിൽ ശ്രീമതി ജി.ഷൈലജാദേവിയുടെ ജോലി സ്ഥിരപ്പെടുത്തുന്നതിൽ ഉടൻ തീരുമാനമെടുക്കുമോ? | (സി) | |

സെക്ഷൻ ഓഫീസർ